KSFE

THE KERALA STATE FINANCIAL ENTERPRISES LIMITED
(A Government of Kerala Undertaking)
Bhadratha, Museum Road, P.B. No.510, Thrissur - 680 020, Kerala, India
Ph: +91 487 2332255, Fax: +91 487 2336232, www.ksfe.com

150 YEARS OF CELEBRATING THE MAHATMA

നമ്പർ : 2312

തിയ്യതി :20.02.2021

## സർക്കുലർ നമ്പർ : 14/2021 ( P&HR)

വിഷയം : ശമ്പള പരിഷ്കരണം-2007-2012 വർക്ക്മെൻ വിഭാഗത്തിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണത്തോടനുബന്ധിച്ചുള്ള അലവൻസുകൾ സെറ്റിൽമെന്റ് തിയതി മുതൽ പുതുക്കിയ നിരക്കിൽ അനുവദിക്കുന്നത് – സംബന്ധിച്ച്

സൂചന : 1. 10.12.2010 തിയതിയിലെ സ.ഉ.(കൈ) നം.286/2010/നി.വ നമ്പർ ഉത്തരവ്

2. ബഹു.കേരള ഹൈക്കോടതി 15.07.2019 തിയതിയിൽ WP(C) 17495/2019 ൽ പുറപ്പെടുവിച്ച വിധിന്യായം

3. 08.01.2021 തിയതിയിലെ സ.ഉ.(കൈ)നം.1/2021/നി.വ നമ്പർ ഉത്തരവ്

……

കമ്പനിയിലെ ഓഫീസർ കേഡറിലെ ജീവനക്കാർക്ക് 2007-2012 കാലയളവിലെ ശമ്പള പരിഷ്കരണത്തോടനുബന്ധിച്ചുള്ള പുതുക്കിയ നിരക്കിലുള്ള ശമ്പളം 01.08.2007 മുതലും മറ്റെല്ലാ അലവൻസുകളും സെറ്റിൽമെന്റിന്റെ തിയതിയായ 17.06.2010 മുതൽ വിതരണം ചെയ്യുകയുണ്ടായി. എന്നാൽ, മാനേജ്മെന്റും തൊഴിലാളികളും തമ്മിലുള്ള 16.06.2010 ലെ മെമ്മോറാണ്ടം ഓഫ് സെറ്റിൽമെന്റിന്റെ XIVാം ക്ലോസിൽ 01.08.2007 മുതൽ ശമ്പളവും എച്ച്.ആർ.എ, സി.സി.എ എന്നിവയുൾപ്പെടെയുള്ള മറ്റ് ആനുകൂല്യങ്ങൾ സർക്കാർ ഉത്തരവിന്റെ തിയതി മുതലും പ്രാബല്യത്തിൽ വരും എന്ന് പ്രസ്താവിച്ചിരുന്നു. അപ്രകാരം, വർക്ക്മെൻ കേഡറിലെ ജീവനക്കാർക്ക് പുതുക്കിയ ശമ്പളം 01.08.2007 മുതലും പുതുക്കിയ നിരക്കിലെ മറ്റെല്ലാ ആനുകൂല്യങ്ങളും സർക്കാർ ഉത്തരവ് തിയതിയായ 10.12.2010 മുതലും കമ്പനി വിതരണം ചെയ്തു. അപ്രകാരം വർക്ക്മെൻ കേഡറിലെ ജീവനക്കാർക്ക് പുതുക്കിയ നിരക്കിലെ അലവൻസുകൾ ആറു മാസം വരെ വൈകുന്ന സാഹചര്യം ഉണ്ടായി.

മേൽ വിഷയവുമായി ബന്ധപ്പെട്ട് സൂചന 2 ബഹു.കേരള ഹൈക്കോടതി വിധിന്യായം പ്രകാരം വർക്ക്മെൻ വിഭാഗത്തിലെ ജീവനക്കാർക്ക് 2007-2012 കാലയളവിലെ ശമ്പള പരിഷ്കരണത്തോടനുബന്ധിച്ചുള്ള അലവൻസുകൾ സെറ്റിൽമെന്റ് തിയതിയായ 16.06.2010 മുതൽ പുതുക്കിയ നിരക്കിൽ അനുവദിച്ചുകൊണ്ട് സൂചന 3 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സെറ്റിൽമെന്റ് തിയതിയായ 16.06.2010 മുതൽ സർക്കാർ ഉത്തരവിന്റെ തിയതിയായ 10.12.2010 വരെയുള്ള കാലയളവിൽ വർക്ക്മെൻ കേഡറിൽ ജോലി ചെയ്തിരുന്ന ജീവനക്കാർക്ക് പുതുക്കിയ നിരക്കിൽ അർഹമായ അലവൻസുകളുടെ വിവരം താഴെ കൊടുക്കുന്നു.

| നമ്പർ | അലവൻസ് | നൽകിയ നിരക്ക് | സൂചന 3 പ്രകാരം അർഹതയുള്ള നിരക്ക് (രൂപ) |
|---|---|---|---|
| 1 | കൺവെയ്ൻസ് അലവൻസ് | .... | 100/- |
| 2 | വാഷിങ് അലവൻസ് | 120/- | 225/- |
| 3 | സൈക്കിൾ അലവൻസ് | 160/- | 250/- |
| 4 | ഡ്രൈവേഴ്സ് അലവൻസ് | 450/- | 650/- |

| നമ്പർ | അലവൻസ് | നൽകിയ നിരക്ക് | സൂചന 3 പ്രകാരം അർഹതയുള്ള നിരക്ക് |
|---|---|---|---|
| 5 a | കാഷ്യർ റിസ്ക് അലവൻസ് (ജൂനിയർ ബ്രാഞ്ച്) | 225/- | 450/- |
| b | കാഷ്യർ റിസ്ക് അലവൻസ് (മീഡിയം ബ്രാഞ്ച്) | 250/- | 500/- |
| c | കാഷ്യർ റിസ്ക് അലവൻസ് (സീനിയർ ബ്രാഞ്ച്) | 275/- | 550/- |
| d | SDT ഓഫീസിലെ കാഷ്യർ റിസ്ക് അലവൻസ് | ....... | 300/- |
| e | കാഷ്യറുടെ ഒരു ദിവസത്തെ ചാർജ് അലവൻസ് | 13/- | 25/- |
| 6 | ഗോൾഡ് ലോൺ റിസ്ക് അലവൻസ് | 225/- | അടിസ്ഥാന നിരക്ക് - 300/- (2 കോടിയിൽ കൂടുതൽ ഗോൾഡ് ലോൺ ബിസിനസ്സും 10 % വാർഷിക വർദ്ധനവും ഉണ്ടെങ്കിൽ പരമാവധി 450/- രൂപ വരെ) |
| 7 | ഡസ്പാച്ച് അലവൻസ് | 100/- | 200/- |

മേൽ പരാമർശ്ശിച്ചവയിൽ ക്രമ നമ്പർ 1 മുതൽ 4 വരെയുള്ള അലവൻസുകൾ ഹെഡ് ഓഫീസിൽ നിന്നും വിതരണം ചെയ്യുന്നതാണ്. ക്രമ നമ്പർ 5 മുതൽ 7 വരെ പരാമർശ്ശിച്ച അലവൻസുകൾ ലഭിക്കുന്നതിന് അർഹരായ ജീവനക്കാർ 16.06.2010 മുതൽ 10.12.2010 വരെയുള്ള കാലയളവിൽ വർക്ക്മെൻ കേഡറിൽ ജോലി ചെയ്തിരുന്ന ശാഖയുമായി ബന്ധപ്പെട്ട് പ്രസ്തുത ആനുകൂല്യങ്ങൾ കൈപ്പറ്റേണ്ടതാണ്.

മേൽ പരാമർശ്ശിച്ചവയിൽ ക്രമനമ്പർ 2 ഈ സാമ്പത്തിക വർഷത്തെ "Office Maintenance Expense" എന്ന ഹെഡിലും ബാക്കിയുള്ളവ "Salaries and Allowance" എന്ന ഹെഡിലും അക്കൗണ്ട് ചെയ്യേണ്ടതാണ്.

സൂചന 3 ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം അടക്കം ചെയ്യുന്നു .

**കെ.എസ്.എഫ്.ഇ യ്ക്കു വേണ്ടി**

**സുബ്രഹ്മണ്യൻ. വി.പി**
**മാനേജിംഗ് ഡയറക്ടർ**

ഉള്ളടക്കം : സൂചന 3 ഉത്തരവിന്റെ പകർപ്പ്

To : എല്ലാ ശാഖ തലവന്മാർക്കും

പകർപ്പ് :
1. എല്ലാ മേഖല ഓഫീസ് മേധാവികൾക്കും
2. എല്ലാ എസ്.ഡി.ടി മേധാവികൾക്കും
3. എല്ലാ ഐ.എ.ഡി മേധാവികൾക്കും
4. ഹെഡ് ഓഫീസിലെ എല്ലാ വകുപ്പ് മേധാവികൾക്കും
5. എം. ഡിയുടെ പി.എ